**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ പൊതുഗതാഗത മേഖല സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുഗതാഗത മേഖലയിൽ കൊവിഡിനെ തുടർന്ന് പൊതുഗതാഗത സൗകര്യം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ൽ 1058 എണ്ണം സ്റ്റേജ് കാര്യേജുകളുടെ പെർമിറ്റുണ്ടായിരുന്നത് 2022 ആയപ്പോഴേക്കും 823 എണ്ണമായി കുറഞ്ഞിട്ടുണ്ട്. കോവിഡിനെ തുടർന്ന് യാത്രക്കാർ ടു വീലർ, കാർ എന്നിവയിലേക്ക് യാത്ര മാറ്റുകയും, കൂടാതെ ഇന്ധനവില, ഇൻഷുറൻസ്, മറ്റ് സ്പെയർ പാർട്സ് എന്നിവയുടെ വില വർദ്ധനവ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും പൊതുഗതാഗത സംവിധാനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിലവിലെ ചാർജ്ജ് വർദ്ധനവ് ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്.<br><br>തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ യൂണിറ്റുകളിൽ നിന്നും കോവിഡിന് മുമ്പ് ഉണ്ടായിരുന്ന മിക്ക ട്രിപ്പുകളും യാത്രാവശ്യം അനുസരിച്ച് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. |
| (ബി) | രാത്രി സമയത്തു ബസുകൾ ട്രിപ്പുകൾ മുടക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ; | (ബി) | രാത്രി സമയത്ത് ബസ്സുകൾ ട്രിപ്പ് മുടക്കുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി സ്വകാര്യ ബസ് ഉടമകൾക്ക് ട്രിപ്പ് മുടക്കരുതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>കൂടാതെ യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്തവിധം കെ.എസ്.ആർ.ടി.സി തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ യൂണിറ്റുകളിൽ നിന്നും നിലവിലെ രാത്രികാല സർവ്വീസുകളുടെ ട്രിപ്പുകൾ എല്ലാം തന്നെ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. |
| (സി) | അവധി ദിവസങ്ങളിൽ ബസുകൾ ഓടാതിരിക്കുന്ന അവസ്ഥക്ക് പരിഹാരം കാണുമോ;<br>വിശദമാക്കാമോ? | (സി) | അവധി ദിവസങ്ങളിൽ ബസ്സുകൾ ഓടാതിരിക്കുന്നതിനു പരിഹാരം കാണുന്നതിനായി റൂട്ടിലെ ബസ് ഉടമകളുമായി ചർച്ച നടത്തിയതിൽ നിന്നും ഭീമമായ സാമ്പത്തിക നഷ്ടമാണ് ട്രിപ്പ് മുടക്കുന്നതിനു കാരണമെന്ന് അറിയാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | എന്നിരുന്നാലും യാത്രാക്ലേശം കൂടുതലായ ഭാഗങ്ങളിൽ ട്രിപ്പ് മുടക്കുന്ന ബസുകൾക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ